## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4710 20.10.2011 - ൽ മറുപടിക്ക്**

### ഭവനനിർമ്മാണ രംഗത്ത് പുതിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഭവന നിർമ്മാണ രംഗത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളും നിർദ്ദേശങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഭവനനിർമ്മാണ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.<br><br>1. സാഫല്യം പദ്ധതി :- സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുടെ ഭവന നിർമ്മാണം ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തമാക്കുന്നതോടൊപ്പം ഈ വിഭാഗത്തിൽതന്നെ ഏറ്റവും പിന്നിലുള്ളവരുടെ പാർപ്പിട പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതിന് 'സാഫല്യം' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതാണ്.<br><br>2. കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി :-<br>333 വീടുകൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള 25 വീടുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്പർശം മാതൃകയിൽ Mini Industrial Unit-കൾ നിർമ്മിക്കുന്നതിനും, കോളനിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള പദ്ധതിയാണിത്. |

3. തിരുവനന്തപുരത്ത് അമ്പലനഗറിൽ ഗ്രീൻ ബിൽഡിംഗ് ഫ്ളാറ്റുകൾ :-

ഗ്രീൻ ബിൽഡിംഗ് സാങ്കേതിക വിദ്യ പ്രകാരം തിരുവനന്തപുരത്ത് അമ്പലനഗറിൽ ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഗ്രീൻ ബിൽഡിംഗ് ഫ്ളാറ്റുകൾ നിർമ്മിക്കുവാനുദ്ദേശിക്കുന്നു.

4. സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്ന ഭവന വായ്പാ പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഭവനനിർമ്മാണ ഏജൻസികൾക്കും, വ്യക്തികൾക്കും ന്യായമായ പലിശനിരക്കിൽ ഭവന വായ്പ നല്കുന്നതിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്നതാണ്.

5. ഭവനനിർമ്മാണ മേഖലയിൽ പ്രത്യേകിച്ചും ഫ്ളാറ്റ് നിർമ്മാണ രംഗത്ത് ഉയർന്നുവന്നിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കെട്ടിട നിർമ്മാതാക്കളും ഗുണഭോക്താക്കളും തമ്മിൽ ഉണ്ടാകുന്ന തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമായി ക്വാസി-ജുഡീഷ്യൽ അധികാരത്തോടുകൂടിയ ഹൗസിംഗ് സെക്ടർ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതാണ്.

6. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുടെ ഭവന പദ്ധതികൾക്കായി ഒരു സ്റ്റേറ്റ് ഷെൽറ്റർ ഫണ്ട് രൂപീകരിക്കുന്നതാണ്.

7. ദുർബ്ബല വിഭാഗക്കാരായ ജനങ്ങളുടെ ഭവന പരിരക്ഷയെ മുൻനിർത്തി സംസ്ഥാനത്ത് ഒരു ഹൗസിംഗ് റിസ്ക്ക് ഫണ്ട് രൂപീകരിക്കുന്നതാണ്.

8. നിലവിലുള്ള വാടക നിയന്ത്രണ നിയമത്തിന് ഉചിതമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ വാടക നിയന്ത്രണ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്.

| | | |
|---|---|---|
| (ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഏതൊക്കെ ഏജൻസികളിൽ നിന്ന് പണം സ്വരൂപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | സാഫല്യം ഭവന പദ്ധതി, സർക്കാർ സബ്സിഡിയും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ വായ്പാ ധനസഹായവും ഉപയോഗിച്ചാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക സർക്കാർ ബജറ്റിലൂടെ ബോർഡിന് ലഭ്യമാക്കുന്നതാണ്.<br><br>ഗ്രീൻ ബിൽഡിംഗ് ഫ്ളാറ്റുകളുടെ നിർമ്മാണ പദ്ധതി ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക ശേഖരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നു.<br><br>സംയുക്ത സംരംഭ മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള പദ്ധതി ചെലവിനായി സംയുക്ത സംരംഭ പങ്കാളികളെ കണ്ടെത്താനുദ്ദേശിക്കുന്നു. കൂടാതെ ദേശിയതലത്തിലുള്ള സാമ്പത്തിക സ്ഥാപനങ്ങൾ, വിദേശ ഇൻഡ്യാക്കാർ, ഇൻഡ്യൻ വംശജർ എന്നിവരിൽ നിന്നും പണം സ്വരൂപിക്കുന്നതിനും ഉദ്ദേശിക്കുന്നു. |

[signature]

സെക്ഷൻ ആഫീസർ